# ‘യഹോവ എന്റെ ഇടയൻ’

## സങ്കീർത്തനം 23:01 – 03

“ യഹോവ എന്റെ ഇടയനാകുന്നു; എനിക്കു മുട്ടുണ്ടാകയില്ല. പച്ചയായ പുൽപുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു; സ്വസ്ഥതയുള്ള വെള്ളത്തിനരികത്തേക്കു എന്നെ നടത്തുന്നു. എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു; തിരുനാമം നിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു”

ഈ സങ്കീർത്തനം ഏവർക്കും വളരെ സുപരിചിതവും നാം എല്ലാരും കാണാതെ പഠിച്ച് നിത്യേന ഉരുവിടുന്നതുമായ ഒരു സങ്കീർത്തനമാണ്. പക്ഷെ ഒന്നാലോചിച്ചാൽ ഇത് എല്ലാവർക്കും പൂർണ്ണമായ അധികാരത്തോട് കൂടി പറയാൻ പറ്റുന്ന ഒന്നാണോ? കാരണം അതിന്റെ ആദ്യ വചനത്തിൽ തന്നെ പറയുന്നു “യഹോവ എന്റെ ഇടയനാകുന്നു” എന്ന്, വാസ്തവത്തിൽ ഈ യഹോവ ഇന്ന് “എന്റെ” ഇടയനാണോ? അതാണ് നാം ഇന്നു ശോധന ചെയ്യേണ്ടുന്ന ഒരു വിഷയം. സങ്കീർത്തകൻ ഈ സങ്കീർത്തനം രചിക്കുമ്പോൾ അവൻ വളരെ ഉറപ്പോടുകൂടിയാണ് പറയുന്നത് ഈ ദൈവം എന്റെ ഇടയനാണ്. കാരണം മരണനിഴലിൻ താഴ്വരയിൽ ആയപ്പോൾ അവനെ തന്റെ കരത്തിൽ പരിപാലിച്ചവനായ ഈ നല്ല ഇടയനെ അവൻ തന്റെ ജീവിതത്തിൽ ശ്രേഷ്ട ഇടയനായി കാണുന്നു. നാമും ദൈവവുമായുള്ള ഒരു വ്യക്തിപരമായ ബന്ധത്തെയാണ് ഇവിടെ കാണിക്കുന്നത്. വചനത്തിൽ നമ്മുടെ കർത്താവ് ഇപ്രകാരം പറയുന്നു, “ഞാൻ നല്ല ഇടയൻ; പിതാവു എന്നെ അറികയും ഞാൻ പിതാവിനെ അറികയും ചെയ്യുന്നതുപോലെ ഞാൻ എനിക്കുള്ളവയെ അറികയും എനിക്കുള്ളവ എന്നെ അറികയും ചെയ്യുന്നു.” അതിനു ശേഷം പറയുന്നു “ആടുകൾക്കു വേണ്ടി ഞാൻ എന്റെ ജീവനെ കൊടുക്കുന്നു.”

നമ്മുടെ കർത്താവായ യേശുക്രിസ്തു തന്റെ ആടുകളായ നമുക്കോരോരുത്തർക്കും വേണ്ടി തന്റെ ജീവനെ വെച്ചു തന്നു. എന്നാൽ ഇന്ന് ആ നല്ല ഇടയന്റെ സ്വരം കേൾപ്പാനോ അവന്റെ കൽപനകളെ അനുസരിപ്പാനോ അവന്റെ ആജ്ഞകൾക്കനുസരിച്ച് നടക്കാനോ നാം തയ്യാറാകുന്നുണ്ടോ? കാരണം; ഈ യഹോവ ഇന്നു ഇടയനായിട്ടുള്ളവരെ, ആ നല്ല ഇടയൻ തന്റെ നിത്യമായ സന്തോഷവും, സമാധാനവും ആശ്വാസവും പകർന്ന് തന്ന് തന്റെ നിത്യസ്നേഹത്തിന് ഉടമകൾ ആക്കിത്തീർക്കുന്നു. അതിലുപരിയായി നമ്മെ വഴി നടത്തുന്നതിന് അവൻ തന്റെ പരിശുദ്ധാത്മാവിന്റെ നിത്യ സാന്നിദ്ധ്യത്താൽ നമ്മെ

അനുഗ്രഹിച്ചിരിക്കുന്നു. ആ ആത്മാവ് നമ്മെ വിശ്വാസത്തിൽ ഉറപ്പുള്ളവരാക്കി തീർക്കുന്നതോടൊപ്പം നീതിയിൽ നടക്കുന്നതിനും, നന്മ പ്രവൃത്തിക്കുന്നതിനും, പാപത്തിൽ നിന്ന് വിട്ടകലുന്നതിനും സഹായിക്കും.

എത്ര മഹത്തരമായ പദവിയാണ് ഈ നല്ലവനായ ദൈവം ഇന്നു നമുക്ക് നൽകിത്തന്നിരിക്കുന്നത്. ഒന്ന് നോക്കിയാൽ ആടുകൾ എന്നു പറയുന്നത് വളരെ ബലഹീനമായ ഒരു മൃഗമാണ്, എന്നാൽ അതിന്റെ ഇടയൻ കൂടെയുള്ളപ്പോൾ അതിന് എവിടെ പോയി മേയുന്നതിന്നും സ്വതന്ത്രമായി വിരാജിക്കുന്നതിനും ഒരു ഭയവും ഉണ്ടാവുകയില്ല. അപ്രകാരം തന്നെ നാമും ഈ ലോകത്തിൽ ആയിരിക്കുമ്പോൾ ദൈവത്തിന്റെ കരത്തിൽ അല്ലെങ്കിൽ വെറും ആടുകൾക്കു തുല്യരാണ്. ശത്രുവിന് ഏതു നേരത്തും കടന്നു വന്ന് ആക്രമിക്കുവാനുള്ള അവസരങ്ങൾ നമ്മുടെ ജീവിതത്തിൽ ധാരാളമുണ്ട്. എന്നാൽ നമ്മുടെ നല്ല ഇടയനായ കർത്താവ് നമ്മോടൊപ്പം എന്നും ഉണ്ടെങ്കിൽ ഒന്നിനും നമ്മെ തൊടുവാൻ സാധിക്കില്ല, കാരണം നാം അവന്റെ രക്തത്താൽ മുദ്രയിടപ്പെട്ടിരിക്കുകയാണ്. എന്നാൽ ഇത് ഇന്ന് ഈ യഹോവ "എന്റെ" ഇടയനാണോ എന്നതിനെ ആശ്രയിച്ചിരിക്കും. അപ്രകാരം ഈ യഹോവയെ നമ്മുടെ ജീവിതത്തിന്റെ ഇടയനായി സ്വീകരിക്കുവാനും അവൻ മേയിക്കുന്നിടത്തേക്ക് പോകുവാനും അവനെ അനുസരിക്കുവാനുമുള്ള ഒരു മനസ്സ് ദൈവം നമുക്ക് നൽകിത്തരുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമറാകട്ടെ.

പരാമർശം:

സങ്കീർത്തനങ്ങൾ 34:9

"യഹോവയുടെ വിശുദ്ധന്മാരേ, അവനെ ഭയപ്പെടുവിൻ; അവന്റെ ഭക്തന്മാർക്കു ഒന്നിനും മുട്ടില്ലല്ലോ."

ബ്രദർ ബിനു ബേബി ആലപ്പുഴ 105